## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 302

27-09-2011-ൽ മറുപടിക്ക്

### അധിക സി.ഡി. പിരിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക രണ്ട് മാസം തുടർച്ചയായി വർദ്ധിച്ചാൽ പ്രസ്തുത ഉപഭോക്താക്കളിൽ നിന്നും അധിക സി.ഡി. പിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സപ്ലൈ കോഡ് 2005 ലെ 13-ാം ഖണ്ഡിക പ്രകാരം പ്രതിമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ രണ്ടു മാസത്തെ വൈദ്യുതി ബില്ലിനു തത്തുല്യമായ തുകയും ദ്വൈമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ മൂന്നു മാസത്തെ വൈദ്യുതി ബില്ലിന് തത്തുല്യമായ തുകയും സെക്യൂരിറ്റി ആയി ബോർഡിന്റെ പക്കൽ നിലനിർത്തേണ്ടതാണ്.<br>എല്ലാ ഉപഭോക്താക്കളുടെയും സെക്യൂരിറ്റി നിക്ഷേപത്തിന്റെ പര്യാപ്തത ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യത്തെ മൂന്ന് മാസത്തിലോ അഥവാ താരിഫ് പരിഷ്കരണം നടത്തുമ്പോഴോ, മുൻവർഷത്തെ ഉപഭോഗത്തിന്റെ ശരാശരിയുടെയും പ്രാബല്യത്തിലുള്ള ചാർജ്ജുകളുടെയും താരിഫിന്റെയും അടിസ്ഥാനത്തിൽ ബോർഡ് പുനരവലോകനം ചെയ്യുന്നതാണ്. പുനരവലോകനത്തിന്റെ അടിസ്ഥാനത്തിൽ കുറവുള്ള തുക അധിക സി.ഡി. ആയി ഈടാക്കുകയും അധികമായുള്ള തുക വരും മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ തട്ടിക്കഴിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഇതിനുള്ള അധികാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ